**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5408** — **25.10.2011 - ൽ മറുപടിക്ക്**

**തിരൂരങ്ങാടി പോളിടെക്നിക്**

| **ചോദ്യം**<br>ശ്രീ. കെ. എൻ. എ. ഖാദർ | | **മറുപടി**<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ചേളാരിയിൽ സ്ഥിതി ചെയ്യുന്ന തിരൂരങ്ങാടി പോളിടെക്നിക്കിന് കെട്ടിടങ്ങൾ ഉൾപ്പെടെ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുവാൻ എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചത്; | എ) | തിരൂരങ്ങാടി പോളിടെക്നിക്കിന് കെട്ടിട നിർമ്മാണത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശ നബാർഡിന്റെ പരിശോധനയിലാണ്. കൂടാതെ കേന്ദ്രമാനവശേഷി വികസന വകുപ്പിൽ നിന്നും ലഭിച്ചധനസഹായം ഉപയോഗിച്ച് വനിതാ ഹോസ്റ്റലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ ലബോറട്ടറികളിലേയ്ക്കും വർക്ക് ഷോപ്പുകളിലേയ്ക്കും, ലൈബ്രറികളിലേയ്ക്കും വേണ്ടുന്ന സാധന സാമഗ്രികൾ വാങ്ങുന്നതിനായി കേന്ദ്രമാനവശേഷി വികസന വകുപ്പിൽ നിന്നും അനുവദിച്ച 1.28 കോടി രൂപയുടെ ആദ്യഗഡുവായി ലഭിച്ച 20 ലക്ഷം രൂപ ഉപയോഗിച്ച് സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കപ്പെട്ട തുക ഉപയോഗിച്ച് സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഇതു സംബന്ധിച്ച് ഉയർന്നുവന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | ആയതിനുവേണ്ട അടിയന്തിര നടപടികൾ കൈക്കൊള്ളുവാൻ തയ്യാറാകുമോ? | സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**